**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1816** **09-12-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിലെ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | നെൽകൃഷി വ്യാപിപ്പിക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സമഗ്ര നെൽകൃഷി വികസന പദ്ധതി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, നെൽ കർഷകർക്കുള്ള റോയൽറ്റി, നെൽ കർഷകർക്കുള്ള ഉത്പാദന ബോണസ്, നെൽ കർഷകർക്കുള്ള സൗജന്യ വൈദ്യുത പദ്ധതി, ജനകീയ ആസൂത്രണം (സമൃദ്ധി), പാലക്കാട് നെൽകൃഷി വികസന ഏജൻസി, രാഷ്ട്രീയ കൃഷി വികാസ് യോജന, ഞങ്ങളും കൃഷിയിലേയ്ക്ക്, ബയോ ഡൈവേഴ്സിറ്റി, നെല്ല് സംഭരണം, സോയിൽ ആന്റ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ്, രജിസ്റ്റേഡ് നെല്ലുല്പാദക പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ നെൽകൃഷിക്ക് അനുയോജ്യമായ എത്ര ഹെക്ടർ ഭൂമി തരിശ്ശായി കിടക്കുന്നുണ്ട്; അത്തരം തരിശ്ശുഭൂമിയിൽ കൃഷി ചെയ്യുന്നതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നെൽകൃഷിയ്ക്ക് അനുയോജ്യമായ **108** ഹെക്ടർ ഭൂമി തരിശായി കിടക്കുന്നുണ്ട്. നെൽകൃഷി ചെയ്യാതെ തരിശായി കിടക്കുന്ന സ്ഥലം ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് ഹെക്ടറിന് **40,000/-** രൂപ സബ്സിഡി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ